(സി) ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല.

(ഡി) ഒന്നുംതന്നെ നിറുത്തലാക്കിയിട്ടില്ല.

ചാത്തന്നൂർ കെ. എസ്. ആർ. ടി. സി. ഡിപ്പോ വിപുലീകരിക്കാൻ നടപടി

249 (4038) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയോടനുബന്ധിച്ചുള്ള വർക്ക്ഷോപ്പ് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിലേക്കുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ഡിപ്പോയിൽ നിന്ന് ഇപ്പോൾ എത്ര ബസ് സർവ്വീസുകൾ നടത്തുന്നുണ്ട് ;

(ഡി) 50 ഷെഡ്യൂളുകളിൽ കൂടുതൽ സർവ്വീസ് നടത്തുന്ന പ്രസ്തുത ഡിപ്പോയുടെ പദവി ഉയർത്തുന്നതിനുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ചാത്തന്നൂർ ഡിപ്പോയിലെ വർക്ക്ഷോപ്പ് വിപുലീകരിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) അൻപത് (50) ഷെഡ്യൂളുകൾ സർവ്വീസ് നടത്തുന്നതിലേയ്ക്കായി അനുമതി നൽകിയിട്ടുണ്ട്.

(ഡി) 50 ഷെഡ്യൂൾ മാത്രമേ ഇപ്പോൾ സർവ്വീസ് നടത്തുന്നുള്ളൂ. അത്തരം സബ് ഡിപ്പോകളെ ഡിപ്പോയുടെ പദവിയിലേയ്ക്ക് ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നെടുമങ്ങാട് കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി

250 (4039) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെയും ഗ്യാരേജിന്റെയും ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ നവീകരണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പ്രവർത്തികൾ അടിയന്തിരമായി ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നെടുമങ്ങാട് ഡിപ്പോയിൽ ഒരു ബസ്സ് ടെർമിനൽ-കം- ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. നിലവിലുള്ള ഒരു ഗ്യാരേജ് നിലനിർത്തി ബാക്കിയുള്ള സ്ഥലത്താണ് ഇത് നിർമ്മിക്കുവാനുദ്ദേശിക്കുന്നത്. ഇത് നിലനിർത്താൻ ഉദ്ദേശിക്കുന്ന ഗ്യാരേജി നോടനുബന്ധിച്ച് ഒരു ഇൻസ്പെക്ഷൻ പിറ്റും, വാഷിംഗ് റാമ്പും നിർമ്മിക്കു വാനുള്ള തുക 2010-2011-ലെ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അടിയന്തിരമായി ചെയ്യുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു.

നെടുമുടി കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് നടപടി

251 (4040) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമുടി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് 1987 ജനുവരി 31-ന് അന്നത്തെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. പി. കെ. വേലായുധൻ സമ്മതപത്രം കൈപ്പറ്റിയിട്ട് പ്രസ്തുത സ്ഥലത്ത് ബസ് സ്റ്റേഷൻ നിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പൗര സമിതി തുക പിരിച്ചു വകുപ്പിന് വാങ്ങി നൽകിയ ഭൂമി ഇപ്പോഴും പഴയ ഉടമ തന്നെ കൈവശം വച്ച് അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സ്ഥലത്ത് ബസ് സ്റ്റാൻഡ് നിർമ്മാണത്തിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

മലപ്പുറം കെ. എസ്. ആർ. ടി. സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി

252 (4041) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണോദ്ഘാടനം, 2009 ജൂണിൽ നടത്തുമെന്ന് പ്രഖ്യാപിച്ചിട്ട് അതിൽ നിന്നും പിന്നോക്കം പോകാനുണ്ടായ സാഹചര്യമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly